# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1785 — 16/02/2016-ന് മറുപടിക്ക്

## ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിലെ വീഴ്ച

**ചോദ്യം**
ശ്രീ.കെ.എൻ.എ. ഖാദർ

**ഉത്തരം**
ശ്രീ.ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ മേലധികാരികൾ വീഴ്ച വരുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, നിലവിലുള്ളതും 2016-ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് പി.എസ്.സി. യഥാസമയം നിയമന ശിപാർശ നൽകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നത് പി.എസ്.സി.യുടെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാൽ അത്തരം പരാതികൾ പി.എസ്.സി.യുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. |
| (സി) | നിയമന ശിപാർശ നൽകി എത്ര ദിവസത്തിനകം പ്രസ്തുത തസ്തികയിലേക്ക് നിയമനം നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; ചില കേസുകളിൽ നിയമന ശിപാർശ ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്ത സ്ഥിതി വിശേഷം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം എത്ര കേസുകൾ നിലവിലുണ്ട്; | (സി) | നിയമന ശിപാർശ നൽകി മൂന്നു മാസത്തിനുള്ളിൽ നിയമനം നൽകണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടും നിയമന ഉത്തരവ് ലഭ്യമായില്ലെന്ന പരാതി ലഭിച്ച തസ്തികകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | നിയമന ശിപാർശ ലഭിച്ചതിൽ നിയമനം ആഗ്രഹിക്കുന്ന എല്ലാവർക്കും നിയമനം ലഭിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കാറുണ്ടോ; | (ഡി) | പി.എസ്.സി. നിയമന ശിപാർശാത്തീയതി മുതൽ 3 മാസത്തിനുള്ളിൽ ഉദ്യോഗാർത്ഥിക്ക് നിയമനം നൽകിയില്ലെങ്കിൽ അക്കാര്യം കാലതാമസത്തിനുള്ള കാരണം സഹിതം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | നിയമന ശിപാർശ ലഭിച്ചതും നിയമനം ലഭിക്കേണ്ട നിശ്ചിത കാലാവധിക്ക് ശേഷവും നിയമനം ലഭിക്കാത്തതുമായ എല്ലാ കേസുകളും പ്രത്യേകം പരിശോധിച്ച് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ഇപ്രകാരം നിയമനം നൽകാത്ത വകുപ്പുകളോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരള പി എസ് സി നിയമന ശിപാർശ നൽകിയിട്ടും
നിയമന ഉത്തരവ് ലഭ്യമാക്കാത്ത [illegible] തസ്തികകൾ

| | Post | Department |
|---|---|---|
| 1 | General Foreman | Printing |
| 2 | Peon Cum Driver | Kerala Agro Industries Corporation Ltd |
| 3 | DEO | Education |
| 4 | HSST English (Jr) | KHSE |
| 5 | HSST Statistics | KHSE |
| 6 | HSST Economics (Jr) | KHSE |
| 7 | HSST Chemistry (Jr) | KHSE |
| 8 | NVT Biology (Jr) | KVHSE |
| 9 | Reserve Driver (NCA) | KSRTC |
| 10 | Reserve Conductor | KSRTC |
| 11 | Junior Assistant | KSFE |
| 12 | Typist | KFC |
| 13 | Fireman (Trainee) | Fire & Rescue Services |
| 14 | LDC (Thrissur) | Commercial Taxes Department |
| 15 | UPSA Malayalam Medium SR for PH backlog (Thiruvananthapuram) | Education |
| 16 | Police Constable Driver (Idukki) | Police |
| 17 | LGS (Palakkad) | Social Justice Department |
| 18 | LPSA (Thamil Medium) Palakkad | Education |
| 19 | LPSA (Malappuram) | Education |
| 20 | LPSA (NCA ST) (Malappuram) | Education |
| 21 | UPSA Malayalam (Malappuram) | Education |
| 22 | Driver Gr II (LDV) (SR for SC/ST) (Kozhikode) | Town Planning Department |
| 23 | Jr.Public Health Nurse Gr II (Kozhikode) | Health Department |

| | | |
|---|---|---|
| 24 | Seeman (Kozhikode) | Hydrographic Wing |
| 25 | Physical Education Teacher (UPS) (Wayanad) | Education |
| 26 | UPSA – Malayalam (Wayanad) | Education |
| 27 | HSA – Malayalam (Wayanad) | Education |
| 28 | LDC (Wayanad) | Panchayat |
| 29 | Driver Gr II (LDV) – Kannur | Panchayat |
| 30 | LDC (Kannur) | ISM |
| 31 | Lab Assistant – (Kannur) | KHSE |
| 32 | HSA Senio (Kasargode) NCA – PH (Lowvision) | Education |
| 33 | LDC (Alappuzha) | Panchayath |
| 34 | Police Constable Driver (Ernakulam) | Police Department |
| 35 | Line Man (Electrical Wing) Pathanamthitta | PWD |
| 36 | LDC - Kollam | Health |
| 37 | LPSA (Kollam) | Education |
| 38 | Steno Typist (Kollam) | DCB - Kollam |

S.O